"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ ഉമ്മർകോയ കോഴിക്കോടൻ ഫയൽ ചെയ്ത ഒ.എ.(ഇകെഎം) നം.666/2020-മേലുള്ള 29.05.2020-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1836/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 06/10/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 26.02.2020-ലെ PAN-3863/2020-D4(DP) നമ്പർ നടപടിക്രമങ്ങൾ

2 ശ്രീ. ഉമ്മർകോയ കോഴിക്കോടൻ സമർപ്പിച്ച 13.03.2020-ലെ പുന:പരിശോധന ഹർജി

**(അനക്ഷർ എ3)**

3 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.(ഇകെഎം) നം.666/2020-മേലുള്ള 29.05.2020-ലെ വിധിന്യായം

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ഉമ്മർകോയ കോഴിക്കോടൻ , പഞ്ചായത്തിൽ നിന്നും എസ്.സി. വിഭാഗത്തിൽപെട്ട കുട്ടികൾക്ക് പഠനമുറിയ്ക്കായി സർക്കാർ നൽകുന്ന ആനുകൂല്യത്തിന് അപേക്ഷിക്കുന്നതുമായി ബന്ധപെട്ട് 07.02.2020-ൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ എത്തിയ എസ്.സി വിഭാഗത്തിൽപ്പെട്ട യുവതിയോട് അശ്ലീല ചുവയോടെ സംസാരിച്ചെന്നും ആയതിനെതിരെ യുവതി തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 55/2020 U/S 509/PC 3(2) Va of SC/ST Act നമ്പർ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ടിയാനെതിരെ കൂടുതൽ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മലപ്പുറം പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) നടപടിക്രമങ്ങൾ പ്രകാരം ശ്രീ. ഉമ്മർകോയ കോഴിക്കോടനെ 26.02.2020-ന് സേവനത്തിൽ നിന്നും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയുമുണ്ടായി. പ്രസ്തുത നടപടിക്കെതിരെ ശ്രീ. ഉമ്മർകോയ കോഴിക്കോടൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. (ഇകെഎം) നം. 666/2020-ൽ ബഹു. ട്രിബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ശ്രീ. ഉമ്മർകോയ കോഴിക്കോടൻ സമർപ്പിച്ച എ3 അപ്പീൽ അപേക്ഷയിന്മേൽ ടിയാനെ നേരിൽ കേട്ട് രണ്ടുമാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് ഉത്തരവാകുകയുണ്ടായി.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഉമ്മർകോയ

കോഴിക്കോടനെ 26.08.2020-ന് കേൾക്കുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിൽ പറയുന്ന സസ്പെൻഷന് ആധാരമായ കാരണങ്ങൾ താഴെപ്പറയുന്ന കാരണങ്ങളാൽ നിലനിൽക്കുന്നതല്ലെന്ന് ശ്രീ. ഉമ്മർകോയ ടിയാന്റെ Annexure A3 അപേക്ഷയിലും നേരിൽ കേട്ട വേളയിലും അറിയിച്ചിട്ടുണ്ട്.

1. ശ്രീമതി. ബീന ആവശ്യപ്പെട്ടിട്ടുള്ള ആനുകൂല്യം സർക്കാർ മാനദണ്ഡം അനുസരിച്ച് 800 sq.feet-ൽ താഴെ വിസ്തൃതിയുള്ള വീട്ടുള്ള ഗുണഭോക്താക്കൾക്ക് മാത്രം അർഹതപ്പെട്ടതാണെന്നും ശ്രീമതി. ബീനയുടെ വീടിന്റെ മൊത്തം പ്ലിന്ത് ഏരിയ 849 ചതുരശ്ര അടിയാണെന്നതിനാൽ ടി ആനുകൂല്യം ടിയാരിക്ക് അർഹതപെട്ടതല്ല.

2. പ്രസ്തുത ആനുകൂല്യത്തിന് അർഹതയില്ലെന്നറിഞ്ഞ് ശ്രീമതി. ബീന ഓഫീസിൽ കോപാകുലയായി ശകാരം ചൊരിയുകയും, അധികാരികളുടെ മുമ്പാകെ പരാതി നൽകുമെന്ന് ഭീഷണിപ്പെടുത്തുകയുമുണ്ടായി.

3. ടിയാരി പ്ലാനോ അപേക്ഷയോ, സമർപ്പിച്ചിട്ടില്ലെന്നും സാമ്പത്തിക സഹായ ലഭ്യത സംബന്ധിച്ച് അന്വേഷിക്കുക മാത്രമാണുണ്ടായത്.

4. ശ്രീമതി. ബീനയോട് അശ്ലീല ചുവയോട് കൂടി സംസാരിച്ചു എന്ന് ടിയാരി പരാതി നൽകിയതിനെത്തുടർന്ന് തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. എന്നാൽ പരാതിയിൽ പറയുന്നപോലുള്ള അശ്ലീല ചുവയോടെയോ, ഭാവാർത്ഥത്തോടെയോ താൻ സംസാരിച്ചിട്ടില്ല. ഇനി അഥവാ അത്തരം വാക്കുകൾ സംസാരിച്ചെങ്കിൽ പോലും ശ്രീമതി. ബീന അർത്ഥമാക്കിയ തരത്തിലല്ല. മറിച്ച് ഒരു സ്വാഭാവിക മറുപടി എന്ന നിലയിൽ മാത്രം പറഞ്ഞതാണ്. അത് SC/ST Act-ന്റെ പരിധിയിൽ വരുന്ന ഒരു കുറ്റവുമല്ല. മറിച്ച് നിയമപരമായി ഒരു ആനുകൂല്യം അനുവദിക്കുന്നതിനും അർഹതയില്ലാത്ത ഒരു വ്യക്തിയോടുണ്ടായ അത്തരം ഒരു ചെറിയ സംഭവത്തിനാണ് സസ്പെൻഡ് ചെയ്തിട്ടുള്ളത്.

5. KCS (CC&A) Rules, Rule 10 പ്രകാരം ഈ സംഭവത്തിൽ തനിക്കെതിരെ സസ്പെൻഷൻ നൽകിയത് ഉത്തമവിശ്വാസത്തിലോ വസ്തുതാപരമായ അടിത്തറയോ ഇല്ലാതെയാണ്. എസ്.സി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറിയ്ക്കായി സർക്കാർ നൽകുന്ന അനുകൂല്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് 07.02.2020 തീയതി 2 മണിയ്ക്ക് പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ എത്തിയ എസ്.സി പെരുവണ്ണാൻ വിഭാഗത്തിൽപെട്ട പരാതിക്കാരിയോട് ടി ഓഫീസിലെ സെക്രട്ടറിയുടെ അധിക ചുമതല വഹിക്കുന്ന അസിസ്റ്റന്റ് സെക്രട്ടറിയായ താൻ, ടി യുവതി എസ്.സി വിഭാഗക്കാരി ആണെന്ന് അറിഞ്ഞുകൊണ്ട് തന്നെ പഞ്ചായത്ത് സ്റ്റാഫുകളുടെയും മെമ്പർമാരുടെയും മുമ്പിൽ വെച്ച് അശ്ലീല ചുവയോടെ സംസാരിച്ചുവെന്ന പരാതിയിൽ പോലീസ് FIR രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും കൂടുതൽ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും കേസിലേക്ക് ലഭിക്കേണ്ട രേഖകൾ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന തന്റെ കൈവശമാണെന്നതിനാൽ ആയത് ബന്തവസ്സിലെടുക്കുന്നതിന് തടസ്സമുള്ള സാഹചര്യത്തിൽ ആയത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന മലപ്പുറം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ അഭ്യർത്ഥന പ്രകാരം അന്വേഷണവിധേയമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവായിരുന്നു.

6. തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ 26.02.2020-ലെ PAN 3863/2020-D4 (DP) നമ്പർ ഉത്തരവ് പ്രകാരം തനിക്കെതിരെ ആരോപിച്ചിരിക്കുന്ന ആരോപണങ്ങൾ കളവും ബാലിശമാകയാലും FIR രജിസ്റ്റർ ചെയ്തിരിക്കുന്നത് ശരിയായ അന്വേഷണം നടത്താതെ പരാതിയുടെ മാത്രം അടിസ്ഥാനത്തിലുമാകയാലും തനിക്ക് മഞ്ചേരി SC/ST കോടതി ജാമ്യം അനുവദിച്ചിട്ടുള്ളതിനാലും ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തിയിട്ടില്ലാത്തതിനാലും രേഖകളൊന്നും പിടിച്ചെടുത്തിട്ടില്ലാത്തതിനാലും അച്ചടക്ക നടപടിയോ ക്രിമിനൽ കേസോ തുടരുന്നതിന് നിയമപരമായി മാനദണ്ഡങ്ങൾ ഇല്ലാത്തതാണ്.

7. ആകയാൽ തനിക്കെതിരായ സസ്പെൻഷൻ നിയമപരമല്ലാത്തതും നീതിയുക്തമല്ലാത്തതുമാകയാൽ പഞ്ചായത്ത് ഡയറക്ടറുടെ 26.02.2020-ലെ PAN 3863/2020-D4 നമ്പർ ഉത്തരവ് റദ്ദ് ചെയ്യണമെന്നും അപേക്ഷിക്കുന്നു.

സർക്കാർ ഇക്കാര്യം ശ്രീ. ഉമ്മർകോയ കോഴിക്കോടന്റെ അപ്പീൽ അപേക്ഷയുടെയും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും, ഹിയറിംഗ് സമയത്ത് ടിയാൻ ബോധിപ്പിച്ച വസ്തുതകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി. ബീനയെന്ന SC വിഭാഗത്തിൽപ്പെട്ട യുവതിയുടെ പരാതിയിൽ തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 55/2020 US 509 PC 3(2) Va ഓഫ് SC/ST Act ആയി കേസ് രജിസ്റ്റർ ചെയ്തു. ടിയാനെതിരെ കൂടുതൽ നിയമനടപടികൾ സ്വീകരിക്കുന്നതിന് മലപ്പുറം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. ഉമ്മർകോയയെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് മാറ്റിനിർത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച പോലീസ് കൂടുതൽ അന്വേഷണം ആവശ്യപ്പെട്ടിരിക്കുന്ന കേസിൽ KCS (CC&A) ചട്ടങ്ങൾ, ചട്ടം 10-ൽ അനുശാസിക്കുന്ന പ്രകാരമാണ്, പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ നിയമനാധികാരിയും അച്ചടക്കധികാരിയുമായ പഞ്ചായത്ത് ഡയറക്ടർ, ശ്രീ. ഉമ്മർകോയയെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളത്. ആയത് നിയമപ്രകാരമാണ്.

മേൽ സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ ഉത്തമബോധ്യത്തിൽ സാഹചര്യങ്ങൾ വിശകലനം ചെയ്ത് പുറപ്പെടുവിച്ച 28/2/2020 ലെ PAN/3863/2020D4(DP) ഉത്തരവ് ക്രമപ്രകാരം ആയതിനാൽ പ്രസ്തുത ഉത്തരവ് നിലനിർത്തിക്കൊണ്ടും ശ്രീ. ഉമ്മർകോയ കോഴിക്കോടൻ 13.03.2020 തീയതിയായി സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. ഉമ്മർകോയ കോഴിക്കോടൻ, മുൻ അസിസ്റ്റന്റ് സെക്രട്ടറി, പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

## File No.LSGD-EPB3/52/2020-LSGD

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/52/2020/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature Valid

Digitally signed by SUDHEER S S
Date: 2020.10.06 17:03:44 IST
Reason: Approved

സെക്ഷൻ ഓഫീസർ